## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1638 — 06.03.2017-ൽ മറുപടിയ്ക്ക്

# ഗ്രാമസഭകൾ വിളിച്ചുചേർക്കുന്നതിനുള്ള അധികാരം

| ചോദ്യം<br>ശ്രീ.എം. വിൻസെന്റ് | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കേരള പഞ്ചായത്ത് രാജ് നിയമപ്രകാരം ഗ്രാമസഭകൾ വിളിച്ച് ചേർക്കുന്നതിനുള്ള അധികാരം ആർക്കാണ്; | (എ) | കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 3(3) പ്രകാരം ഗ്രാമസഭ കുറഞ്ഞപക്ഷം മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും ഗ്രാമസഭയുടെ കൺവീനർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമായി കൂടിയാലോചിച്ച് നിശ്ചയിക്കുന്ന സ്ഥലത്തും, തീയതിയിലും, സമയത്തും യോഗം ചേരേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഏതെങ്കിലും ഗ്രാമസഭയിലെ പത്ത് ശതമാനത്തിൽ കുറയാതെയുള്ള അംഗങ്ങൾ രേഖാമൂലം ആവശ്യപ്പെടുകയാണെങ്കിൽ ആവശ്യത്തോടൊപ്പം നൽകിയിട്ടുള്ള കാര്യപരിപാടിയോടു കൂടി ഗ്രാമസഭയുടെ ഒരു പ്രത്യക യോഗം കൺവീനർ പതിനഞ്ച് ദിവസത്തിനകം വിളിച്ചുകൂട്ടേണ്ടതാണ്. |
| (ബി) | 2016 ആഗസ്റ്റ് മുതൽ 2017 ജനുവരി വരെ പഞ്ചായത്തുകൾ പദ്ധതി നിർവ്വഹണത്തിനും ഗുണഭോക്താക്കളെ നിശ്ചയിക്കുന്നതിനുമായി വിളിച്ചു ചേർക്കുന്ന ഗ്രാമസഭകൾക്കുപുറമെ 5 ഗ്രാമസഭകൾ കൂടി വിളിച്ചു | (ബി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട് |

| | | | |
|---|---|---|---|
| | ചേർക്കുന്നതിന് കേന്ദ്രസർക്കാറും വിവിധ സർക്കാർ വകുപ്പുകളും പഞ്ചായത്തുകളോട് ആവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഇത് പഞ്ചായത്ത് രാജ് ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായിട്ടാണെന്ന് കരുതുന്നുണ്ടോ; | (സി) | ഇപ്രകാരം ഗ്രാമസഭ വിളിച്ചു ചേർക്കുന്നത് പഞ്ചായത്ത് രാജ് ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമായല്ല. |
| (ഡി) | ഭരണനിർവ്വഹണത്തിന്റെ ഭാഗമായി പഞ്ചായത്തുകൾ സാധാരണയായി വിളിച്ചുകൂട്ടുന്ന ഗ്രാമസഭകൾ കൂടാതെ, ഇത്രയധികം ഗ്രാമസഭകൾ വിളിച്ചുകൂട്ടുന്നതു മൂലമുള്ള ജോലിഭാരവും ജനങ്ങൾക്ക് ഗ്രാമസഭകളിൽ പങ്കെടുക്കുന്നതിനുള്ള പ്രയാസങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട് |
| (ഇ) | ഗ്രാമസഭകൾ വിളിച്ചു ചേർക്കുന്നതു സംബന്ധിച്ച് വ്യക്തമായ ഉത്തരവുകൾ പുറപ്പെടുവിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (ഇ) | ഗ്രാമസഭകൾ വിളിച്ചു കൂട്ടുന്നതു സംബന്ധിച്ച് വ്യക്തമായ ഉത്തരവുകൾ ഇപ്പോൾ തന്നെ നിലവിലുണ്ട്. 2017-2018 വാർഷിക പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ഗ്രാമസഭകൾ/വാർഡ് സഭകൾ മാർച്ച് രണ്ടാം വാരം മുതൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വിളിച്ചു കൂട്ടുന്നതിന് നിർദ്ദേശം നല്കിയിട്ടുണ്ട്. |

Saradadevi

**സെക്ഷൻ ഓഫീസർ**